# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത നിയമസഭ ചോദ്യം നം. 6003 - 02/04/2018 -ലെ മറുപടിക്ക്

### സംസ്ഥാനത്തിന്റെ പൊതുകടം

ചോദ്യം

ശ്രീ. പാറക്കൽ അബ്ദുല്ല

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)

| ചോദ്യം | | ഉത്തരം |
|---|---|---|
| എ | അടുത്ത മൂന്ന് വർഷത്തിനിടയിൽ പൊതുവിപണിയിൽ നിന്ന് എത്ര കോടി രൂപ കടമെടുക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | കേന്ദ്ര സർക്കാർ നിശ്ചയിച്ച് നൽകുന്ന വായ്പാ പരിധിയ്ക്കുള്ളിൽ നിന്നുകൊണ്ടാണ് ഓരോ വർഷവും സംസ്ഥാനം കടമെടുക്കുന്നത്. അതാത് വർഷങ്ങളിൽ മാത്രമേ കേന്ദ്ര സർക്കാർ കടമെടുപ്പ് പരിധി നിശ്ചയിച്ച് നൽകുകയുള്ളൂ. 2018-19-ലെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി 22353 കോടി രൂപയാണ്. |
| ബി | ഇപ്പോൾ സംസ്ഥാനത്തിന്റെ പൊതുകടം എത്ര കോടി രൂപയാണ്; അടുത്ത മൂന്ന് വർഷത്തെ കടബാധ്യതകൾ കൂടി ചേരുമ്പോൾ 2020-21 ൽ പൊതുകടം ഏകദേശം മൂന്ന് ലക്ഷം കോടി രൂപയിലെത്തുവാൻ സാധ്യതയുണ്ടോ; വിശദമാക്കുമോ; | അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 31.01.2018 വരെയുള്ള സംസ്ഥാനത്തിന്റെ ആകെ കടബാദ്ധ്യത 209286.06 കോടി രൂപയാണ്. ഇതിൽ പൊതുകടം 138426.83 കോടി രൂപയാണ്. 2018-19 ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ആകെ കടബാദ്ധ്യത 237265.78 കോടി രൂപയാണ്. ഇതിന് ശേഷമുള്ള വർഷങ്ങളിലെ കടബാദ്ധ്യതകൾ എത്രയാകും എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. |
| സി | കടബാധ്യതകൾക്കുള്ള പലിശയായി കേരളം ഒരു വർഷം എത്ര കോടി രൂപയാണ് നൽകുന്നത്; ഇത് അടുത്ത മൂന്ന് വർഷത്തിനുള്ളിൽ എത്ര രൂപയായി മാറുമെന്നാണ് പ്രതീക്ഷിക്കുന്നത്; | അക്കൗണ്ടന്റ് ജനറലിന്റെ യഥാർത്ഥ കണക്കുകൾ പ്രകാരം 2016-17 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം പലിശയായി നൽകിയത് 12116.50 കോടി രൂപയാണ്. 31.01.2018-ലെ കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ പലിശയിനത്തിൽ 9757.01 കോടി രൂപ നൽകിയിട്ടുണ്ട്. 2018-19-ലെ ബജറ്റ് എസ്റ്റിമേറ്റ് പ്രകാരം ടി ഇനത്തിൽ 14937.71 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. ഇതിന് ശേഷമുള്ള വർഷങ്ങളിലെ കടബാദ്ധ്യതകൾ എത്രയാകും എന്നത് സംബന്ധിച്ച വിവരം ലഭ്യമല്ല. |

| | | |
|---|---|---|
| ഡി | വർധിച്ച തോതിലുള്ള കടം വാങ്ങൽ സംസ്ഥാനത്തിന് വലിയ ധനകമ്മി സൃഷ്ടിക്കുമോ; വിശദാംശങ്ങൾ നൽകുമോ? | കേന്ദ്ര സർക്കാർ അനുവദിച്ചു നൽകുന്ന വായ്പാ പരിധിയിൽ നിന്നുകൊണ്ടു മാത്രമേ സംസ്ഥാനങ്ങൾക്ക് കടമെടുക്കാൻ സാധിക്കുകയുള്ളു. മൊത്തം സംസ്ഥാന ആഭ്യന്തര ഉൽപ്പാദനത്തിന്റെ 3 ശതമാനം വരെ മാത്രമാണ് ഒരു സാമ്പത്തിക വർഷത്തിൽ പരമാവധി വായ്പാ പരിധിയായി കേന്ദ്ര സർക്കാർ നിശ്ചയിച്ചു നൽകിയിട്ടുള്ളത് . |

**സെക്ഷൻ ഓഫീസർ**